/56622/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക. G, IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് – അങ്കണവാടി പരിശീലന പദ്ധതി- ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് – ട്രെയിനിംഗ് സംഘടിപ്പിക്കുന്നതിന് പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും ഫണ്ട് അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു.

പരാമർശം: 1. .12.07.2022 ലെ സ.ഉ(സാ.ധാ)നം. 323/2022/വ.ശി.വി.വ നമ്പർ സർക്കാർ ഉത്തരവ്

**<u>ഉത്തരവ് നം. ICDS.B.8/1109/2022 തീയതി: 23-08-2022</u>**

ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവർക്കുള്ള ജോബ്, റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നല്കാത്ത സാഹചര്യത്തിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിനുള്ള അനുമതി പരാമർശ പ്രകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിന് എല്ലാ പ്രോഗ്രാം ഓഫീസർമാരേയും ചുമതലപ്പെടുത്തിക്കൊണ്ടും ഫണ്ട് അനുവദിച്ചു കൊണ്ടും പരിശീലനം നടത്തുന്നതിന് ചുവടെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും ഉത്തരവാകുന്നു.

1. ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗിനുള്ള മൊഡ്യൂൾ അടിസ്ഥാനപ്പെടുത്തിയാകണം ട്രെയിനിംഗ് സംഘടിപ്പിക്കേണ്ടത്. ട്രെയിനിംഗ് മൊഡ്യൂൾ വകുപ്പിന്റെ വെബ് സൈറ്റിൽ 'Orders and Notifications' എന്ന ഭാഗത്ത് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

2. ഓരോ ജില്ലയിലും മാസ്റ്റർ ട്രെയിനർമാരായി (TOT) 15 പേർ വീതം ഉൾക്കൊള്ളുന്ന ടീം രൂപീകരിച്ച് പരിശീലനം നല്കിയിട്ടുണ്ട്. Resource Persons ആയി ഈ ടീമിനെ ജില്ലാതലങ്ങളിൽ ഉപയോഗപ്പെടുത്തേണ്ടതാണ്.

3. വിഷയ വിദഗ്ധരായിട്ടുള്ള RP മാരെ Guest Speaker മാരായി ഉൾപ്പെത്താവുന്നതാണ്. ഇത്തരത്തിൽ ഒരു ബാച്ചിന് പരമാവധി 20 Guest Speaker മാരെ ഉൾപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ ഉൾപ്പെടുത്തുന്നവർക്ക് പരമാവധി 1000/- രൂപ നിരക്കിൽ ഹോണറേറിയം നല്കാവുന്നതാണ്.

4. വകുപ്പിൽ നിലവിൽ ജോലി ചെയ്തു വരുന്ന ജീവനക്കാർക്ക് ക്ലാസ്സെടുക്കുന്ന ഇനത്തിൽ ഹോണറേറിയം നല്കേണ്ടതില്ല.

5. സൂപ്പർവൈസർ റിഫ്രഷർ ട്രെയിനിംഗിന് ഒരു ബാച്ചിന് 25 പേരെ ഉൾപ്പെടുത്താവുന്നതാണ്.

6. പ്രോഗ്രാം ഓഫീസർമാർ ലഭ്യമാക്കിയ റിപ്പോർട്ടുകൾ പ്രകാരം 2021 ഡിസംബർ വരെ റിഫ്രഷർ ട്രെയിനിംഗ് ലഭ്യമാകുവാനുള്ള സൂപ്പർവൈസർമാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ട്രെയിനിംഗിന് ക്രമീകരിച്ചിട്ടുള്ളത്. മുൻ വർഷം ഓൺലൈൻ ആയി റിഫ്രഷർ ട്രെയിനിംഗ് ലഭിച്ച സൂപ്പർവൈസർമാരെയും ട്രെയിനിംഗിൽ ഉൾപ്പെടുത്തേണ്ടതാണ്. ട്രെയിനിംഗ് നല്കുവാനുള്ള

സൂപ്പർവൈസർമാരുടെ എണ്ണം ട്രെയിനിംഗിനായി ചുമതലപ്പെടുത്തുന്ന പ്രോഗ്രാം ഓഫീസർമാരുടെ വിവരം എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ട്രെയിനിംഗ് ലഭ്യമാകുവാനുള്ള സൂപ്പർവൈസർമാരുടെ എണ്ണം | ട്രെയിനിംഗിന് ചുമതലപ്പെടുത്തുന്ന പ്രോഗ്രാം ഓഫീസർ |
|---|---|---|---|
| 1. | തിരുവനന്തപുരം | 26 | തിരുവനന്തപുരം (1 ബാച്ച്) |
| 2. | കൊല്ലം | 18 | കൊല്ലം (1 ബാച്ച്) |
| 3. | പത്തനംതിട്ട | 7 | |
| 4. | കോട്ടയം | 22 | കോട്ടയം (1 ബാച്ച്) |
| 5. | എറണാകുളം | 36 | എറണാകുളം (25 പേർ ഉൾപ്പെടുന്ന 1 ബാച്ച്) |
| 6. | തൃശ്ശൂർ | 26 | തൃശ്ശൂർ 1 ബാച്ച് |
| 7. | പാലക്കാട് | 40 | പാലക്കാട് (20 പേർ ഉൾപ്പെടുന്ന 2 ബാച്ച്) |
| 8. | മലപ്പുറം | 76 | മലപ്പുറം (3 ബാച്ച്) |
| 9. | കോഴിക്കോട് | 40 | കോഴിക്കോട് (20 പേർ ഉൾപ്പെടുന്ന 2 ബാച്ച്) |
| 10. | വയനാട് | 23 | (വയനാട്) 1 ബാച്ച് |
| 11. | കണ്ണൂർ | 18 | കണ്ണൂർ (1 ബാച്ച്) |
| 12. | കാസർകോഡ് | 10 | |
| ആകെ | | 342 | 14 ബാച്ചുകൾ |

7. ട്രെയിനിംഗുകൾ 2023 ജനുവരി 1 മുതൽ തുടങ്ങേണ്ടതും 31 നുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ്.

8. ട്രെയിനിംഗിന് നിയോഗിച്ചിട്ടുള്ള സൂപ്പർവൈസർമാരുടെ പങ്കാളിത്തം ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസറും സി.ഡി.പി.ഒ മാരും ഉറപ്പ് വരുത്തേണ്ടതാണ്. ട്രെയിനിംഗ് നടത്തിയത് സംബന്ധിച്ച റിപ്പോർട്ട് Annexure II ആയി നല്കിയിട്ടുള്ള പ്രൊഫോർമയിൽ ഓരോ ബാച്ചും പൂർത്തിയാകുന്ന മുറയ്ക്ക്

തന്നെ ലഭ്യമാക്കേണ്ടതാണ്.

9. റിഫ്രഷർ ട്രെയിനിംഗുകൾ നടത്തുന്നതിന് 25 പേർ ഉൾപ്പെടുന്ന ഒരു ബാച്ചിന് പ്രോഗ്രാം ഓഫീസർമാർക്ക് ചുവടെപ്പറയുന്ന ഇനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നു.

| SL No | Item | Rate | Sanctioning Amount |
|---|---|---|---|
| 1. | Food (Breakfast, Lunch, Dinner, Tea & Snacks) | 300/- per head (300x25x5) | 37,500/- |
| 2. | Travelling Allowance | 1000/head/course | 25,000/- |
| 3. | Honorarium to Guest Speakers (maximum 20 Lecture per Course) | 1000/- | 20,000/- |
| 4. | Cost of Training Materials | 100/- per Trainee | 2,500/- |
| 5. | Field Visit | 4,000/- | 4,000/- |
| | Total | | 89,000/- |

10. മേൽ ചിലവുകൾ കൂടാതെ ഒരു ജില്ലയ്ക്ക് ഒരു മാസം 50,000/- രൂപ Room, Hall വാടക ഇനത്തിലും എല്ലാ ബാച്ചുകൾക്കും കൂടി 20,000/- രൂപാ വീതം Other Expenses ഇനത്തിലും അനുവദിക്കുന്നു.

11. മേൽ പട്ടിക പ്രകാരം റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിക്കുന്നതിന് ചുവടെപ്പറയുന്ന പ്രോഗ്രാം ഓഫീസർമാർക്ക് ചുവടെപ്പറയും പ്രകാരം തുക അനുവദിച്ച് നല്കുന്നു.

| ക്രമ നം | ജില്ല | ട്രെയിനിംഗിന് അനുവദിക്കുന്ന തുക | ഹാള്, റൂം വാടക | മറ്റ് ചിലവുകള് | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 89,000/- | 50,000/- | 20,000/ | 1,59,000/- |
| 2. | കൊല്ലം | 89,000/- | 50,000/- | 20,000/ | 1,59,000/- |
| 3. | കോട്ടയം | 89,000/- | 50,000/- | 20,000/ | 1,59,000/- |
| 4. | എറണാകുളം | 89,000/- | 50,000/- | 20,000/ | 1,59,000/- |
| 5. | തൃശ്ശൂര് | 89,000/- | 50,000/- | 20,000/ | 1,59,000/- |
| 6. | പാലക്കാട് | 1,78,000/- (89,000 x 2 Batch) | 50,000/- | 20,000/ | 2,48,000/- |
| 7. | മലപ്പുറം | 2,67,000 x 3 batch) | 50,000/- | 20,000/ | 3,37,000/- |
| 8. | കോഴിക്കോട് | 1,78,000/- (89,000 x 2 Batch) | 50,000/- | 20,000/ | 2,48,000/- |
| 9. | വയനാട് | 89,000/- | 50,000/- | 20,000/ | 1,59,000/- |
| 10. | കണ്ണൂര് | 89,000/- | 50,000/- | 20,000/ | 1,59,000/- |
| | ആകെ | 12,46,000/- | 5,00,000/- | 2,00,000/- | 19,46,000/- |
| ആകെ പത്തൊൻപത് ലക്ഷത്തി നാല്പത്തി ആറായിരം മാത്രം | | | | | |

മേൽ ലിസ്റ്റ് പ്രകാരം റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിക്കുന്നതിനായി ആകെ 19,46,000/- (പത്തൊൻപത് ലക്ഷത്തി നാല്പത്തി ആറായിരം മാത്രം) എല്ലാ ജില്ലാ വനിത ശിശുവികസന പദ്ധതി ഓഫീസർമാർക്കും അലോട്ട്മെന്റായി അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു. ജില്ലാ വനിത ശിശുവികസന പദ്ധതി ഓഫീസർമാർ മേൽ തുക അതാത് പ്രോഗ്രാം ഓഫീസർമാർക്ക് അനുവദിച്ച് നല്കേണ്ടതാണ്.

പ്രോഗ്രാം ഓഫീസർമാർ അനുവദിച്ചിട്ടുള്ള സമയ പരിധിയ്ക്കുള്ളിൽ ട്രെയിനിംഗുകൾ പൂർത്തിയാക്കി വിശദമായ റിപ്പോർട്ട് (Annexure II), Statement of Expenditure, UC എന്നിവ ഉൾപ്പെടെ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഇതിനാവശ്യമായ തുക നടപ്പ സാമ്പത്തിക വർഷത്തെ 2235-02-001-88 (P) ശീർഷകത്തിൽ നിന്നും വഹിയ്ക്കാവുന്നതാണ്.

എല്ലാ ജില്ലാ വനിതാശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
പകർപ്പ് :

1. സീനിയർ ഫിനാൻസ് ഓഫീസർ
2. സൂപ്രണ്ട് എ സെക്ഷൻ
3. സൂപ്രണ്ട് പ്ലാനിംഗ് സെൽ
4. ഡയറക്ടറുടെ സി.എ
5. സ്റ്റോക്ക് ഫയൽ/സ്പെയർ

igned by Priyanka G
ate: 23-08-2022 17:40:55

## Annexure II

### ട്രെയിനിംഗ് നടത്തിയത് സംബന്ധിച്ച പ്രൊഫോർമാ റിപ്പോർട്ട്

1. ട്രെയിനിംഗിന്റെ പേര് : റിഫ്രഷർ ട്രെയിനിംഗ്
   സൂപ്പർവൈസർ/വർക്കർ/ഹെൽപ്പർ
2. ബാച്ച് നമ്പർ : ബാച്ച് 1/2/3/4
3. പരിശീലനം നടന്ന തീയതി : ................ മുതൽ ........................... വരെ
4. പങ്കെടുത്തവരുടെ എണ്ണം :
5. നടത്തിയിട്ടുള്ള ആകെ സെഷനുകളുടെ എണ്ണം :
6. നടത്തിയിട്ടുള്ള എല്ലാ സെഷനുകളുടേയും വിവരങ്ങൾ ചുവടെപ്പറയുന്ന പ്രൊഫോർമയിൽ ലഭ്യമാക്കേണ്ടതാണ്

| Day : | | |
|---|---|---|
| Session | TOPIC | NAME OF RESOURCE PERSON |
| Session 1 | | |
| Session 2 | | |
| Session 3 | | |
| Session 4 | | |
| Session 5 | | |
| Session 6 | | |

**സാക്ഷ്യപത്രം :**

മേൽ പരിശീലന പരിപാടി നിർദ്ദേശിച്ചിട്ടുള്ള എണ്ണം പരിശീലനാർത്ഥികളെ ഉൾപ്പെടുത്തി വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പ്രോഗ്രാം ഓഫീസറുടെ പേര് :

ഒപ്പ് :